LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് വ്യവസായ ഓഫീസുകൾ നിർത്തലാക്കുന്നതു സംബന്ധിച്ച്

14 [1153] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വ്യവസായ ഓഫീസുകൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഓഫീസുകളാണ് നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ നിർത്തലാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഭക്ഷ്യ സംസ്കരണ യൂണിറ്റിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച തുക

15 [1154] ശ്രീ. യു. സി. രാമൻ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ മേൽനോട്ടത്തിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റിനു വേണ്ടി എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചത്;

(ബി) ഏതൊക്കെ യൂണിറ്റുകൾക്കാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ വിവിധ ധനസഹായ പദ്ധതികളുടെ കേരളത്തിലെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കിൻഫ്ര നോഡൽ ഏജൻസിയായതിന് ശേഷം 61 ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾക്ക് കേന്ദ്ര ധനസഹായത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ഏഴ് ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് നാളിതുവരെ 199.56 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം IV.

(1)		(2)	(3)	(4)	(5)
(സി)	എറണാകുളം	ജെ & ജെ ബയോടെക് & സ്പെഷ്യാലിറ്റി കെമിക്കൽ (പി) ലിമിറ്റഡ്, ഇൻഡസ് ട്രിയൽ ഏരിയ, ആലുവ	132.9 ലക്ഷം	55	വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള രാസപദാർത്ഥം
(ഡി)	പാലക്കാട്	ബയോ പ്ലാന്റ്, അകത്തറ, ധോണി, പാലക്കാട്	66 ലക്ഷം	20	ടിഷ്യൂ കൾച്ചർ പ്ലാന്റ്
(ഇ)	മലപ്പുറം	സുരഭി ബയോ ഫെർട്ടിലൈസേഴ്സ്, വള്ളിക്കുന്ന്	25.95 ലക്ഷം	12	ജൈവ വളം
(എഫ്)	കോഴിക്കോട്	(1) ആഷാ ബയോടെക്, വടകര	30 ലക്ഷം	5	മത്സ്യ എണ്ണ
		(2) എസ്. എൽ. ടി. അഗ്രോ മനുവൽസ്, നന്മണ്ട	11 ലക്ഷം	17	കയർ പിത്ത് കമ്പോസ്റ്റ്
		(3) ഹൈടെക് കയർ, കൊയിലാണ്ടി	19.15ലക്ഷം	19	കയർ പിത്ത് കമ്പോസ്റ്റ്
(ജി)	കാസർഗോഡ്	വാരണസി അഗ്രോ സസ്റ്റയിനബിൾ സെന്റർ, ആടുനടുക്ക, കാസർഗോഡ്	3.18ലക്ഷം	18	ജൈവ വളം, ജൈവ കീടനാശിനി

അനുബന്ധം IV

[3-2-2004- ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 15 (1154)-ന്റെ ഉത്തരം ദയവായി കാണുക]

കേന്ദ്ര സർക്കാരിൽ നിന്ന് കിൻഫ്ര വഴി ധനസഹായം ലഭിച്ച ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

ജില്ല	യൂണിറ്റിന്റെ പേര്	പദ്ധതി	അനുവദിച്ച തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	കിൻഫ്ര	Recurring grant for SNA 2003-04	1
	കാർത്തിക ഫുഡ്സ്, തിരുവനന്തപുരം	Curry/Rice/Wheat Powder	10.56
	സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം	EDP Programme	10
എറണാകുളം	K & T അഗ്രോമിൽസ് പ്രൈവറ്റ് ലിമിറ്റഡ്, കാലടി	Expansion of K & T Rice Mill	50
	ചക്കിയത്ത് മൂഡ അഗ്രോ പ്രോഡക്ട്സ്, അങ്കമാലി	Oil Extraction Unit	50
	പൂജാ മോഡേൺ റൈസ് മിൽ, ആലുവ	Rice Mill	28
	പള്ളിക്കൽ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, കാലടി	Flour Mill	50
		മൊത്തം	199.56

LIBRARY ARCHIVES Kerala Legislative Assembly